# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4414 — 17.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

**ചോദ്യം**

**ശ്രീമതി പി. അയിഷാ പോറ്റി :**
**പ്രൊഫ. കെ.യു.അരുണൻ**
**ശ്രീ. ജോർജ്ജ് എം. തോമസ്**
**" . ഒ.ആർ.കേളു**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) കൗമാരക്കാരായ കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) കുട്ടികൾ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് പോകാതിരിക്കാൻ അവർക്ക് സാമൂഹ്യവും മന:ശാസ്ത്രപരവുമായ പിന്തുണയേകി സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) കുട്ടികൾ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് പോകാതിരിക്കാൻ അവർക്ക് സാമൂഹ്യവും മന:ശാസ്ത്രപരവുമായ പിന്തുണയേകി സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുമായി ഓ.ആർ.സി. നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(1) കുട്ടികൾക്കായി ജീവിത നൈപുണി (ലൈഫ് സ്കിൽ) വിദ്യാഭ്യാസം.
(2) കുട്ടികളുടെ കഴിവുകളേയും ബുദ്ധിമുട്ടുകളേയും സംബന്ധിച്ച ശാസ്ത്രീയമായ പഠനം.
(3) കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ
(4) രക്ഷിതാക്കൾക്കായി രക്ഷകർതൃത്വ പരിശീലനം
(5) അദ്ധ്യാപകർക്കായുള്ള പരിശീലനങ്ങൾ
(6) പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ക്ലാസ്സ് റൂം തലത്തിലും സ്കൂൾ തലത്തിലും ജില്ലാതലത്തിലും ആവശ്യമായ സംരക്ഷണവും പരിചരണവും ഉറപ്പ് വരുത്താനുള്ള പ്രവർത്തനങ്ങൾ

(7) SMART – 40 – വിവിധ സ്വഭാവ - വൈകാരിക പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് സ്കൂൾതല സംവിധാനം.

(8) മെന്ററിംഗ് - സഹരക്ഷാകർത്തൃത്വ പരിപാടി.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ; | (സി) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ ആരോഗ്യം, ആഭ്യന്തരം, വിദ്യാഭ്യാസം, എക്സൈസ്, തദ്ദേശസ്വയംഭരണം, കൃഷി തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തിലൂടെയാണ് ഓ.ആർ.സി പദ്ധതി നടപ്പാക്കിവരുന്നത്. മെന്ററിംഗ് പോലുള്ള പ്രവർത്തനങ്ങളിലൂടെ വിപുലമായ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഓ.ആർ.സി. രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ഡി) | തെരഞ്ഞെടുത്ത സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നും കൂടുതൽ സ്കൂളുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ സംസ്ഥാനത്തിലാകമാനം തെരഞ്ഞെടുക്കപ്പെട്ട 93 സർക്കാർ / എയ്ഡഡ് സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017-18 അദ്ധ്യയനവർഷത്തിൽ ഓരോ ജില്ലയിലും പതിനഞ്ചോളം സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**